ഞാൻ കൊടുക്കുന്ന നിർദ്ദേശം, എന്ത് ജോലി വേണം, എന്ത് പ്രവൃത്തിയാണ് എടുപ്പിക്കേണ്ടത് എന്നുള്ളത് നിശ്ചയിക്കേണ്ട അധികാരം എം.എൽ.എ.-ക്കാണ്. ഭരണപരമായ ആവശ്യമുണ്ടോയെന്ന് ഉടക്കായി ചോദിക്കേണ്ട കാര്യമില്ല. സാധാരണ ഗതിയിൽ അഡ്മിനിസ്ട്രേറ്റീവ് ഡിപ്പാർട്ടുമെന്റ്, ധനകാര്യ വകുപ്പിലേക്ക് ഫയൽ അയയ്ക്കുമ്പോൾ ഇതിന് ഭരണപരമായ ഒരാവശ്യ മുണ്ടെന്ന് എഴുതാറുണ്ട്. അങ്ങനെ സൂചിപ്പിക്കാത്ത കേസ്സുകളിൽ ഭരണപരമായ അവകാശമുണ്ടോയെന്ന് ചോദിക്കാറുമുണ്ട്. ചോദിക്കുന്നത് ധനകാര്യ വകുപ്പിന്റെ കുഴപ്പമല്ല. ഫയൽ താമസിക്കുന്നുവെങ്കിൽ കാരണം വേറെയാണ്. അതുകൊണ്ട് അത് വേണ്ടെന്നുണ്ടെങ്കിൽ, ഭരണപരമായ ആവശ്യമുണ്ടോ എന്നുണ്ടെങ്കിൽ, ആവശ്യമില്ലാതെ ഉടക്കിനുവേണ്ടി ചോദിക്കുന്ന ഒരു രീതിയുണ്ടെങ്കിൽ, പരിശോധിച്ചിട്ട് വേണ്ടെന്നുവയ്ക്കാം.

മി. ചെയർമാൻ: അതിന്റെ ആവശ്യമുണ്ടോയെന്ന് എന്നോടൊരിക്കൽ എഴുതി ചോദിച്ചു. എം.എൽ.എ.-യുടെകാര്യം എം.എൽ.എ. തീരുമാനിക്കും. നിങ്ങൾ അത് നോക്കിയാൽ മതിയെന്നുപറഞ്ഞ് ഞാൻ മറുപടി അയച്ചു. പിന്നെ കുഴപ്പമുണ്ടായിട്ടില്ല.

7. ട്രഷറികളിൽ കെട്ടിക്കിടക്കുന്ന നിധിശേഖരങ്ങളുടെ കണക്കെടുപ്പ്

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി: സർ, കേരളത്തിലെ ട്രഷറികളിലെ സ്ട്രോംഗ് റൂമുകളിൽ കെട്ടിക്കിടക്കുന്ന നിധിശേഖരങ്ങളുടെ കണക്കെടുത്ത് സർക്കാർ ഖജനാവിലേക്ക് മുതൽക്കൂട്ടണമെന്ന കാര്യത്തിലേക്കുള്ള സബ്മിഷ നാണ് ഞാൻ അവതരിപ്പിക്കുന്നത്. 214 ട്രഷറികളിൽ, 75 ശതമാനം ജില്ലാ സെൻട്രൽ സബ് ട്രഷറികളിലും സ്ട്രോംഗ് റൂമുകളുണ്ട്. സ്വാതന്ത്ര്യത്തിന് മുമ്പും പിമ്പുമായി വർഷങ്ങളായി കെട്ടിക്കിടക്കുന്ന വിലപിടിപ്പുള്ള വസ്തു ക്കളുണ്ട്. ആനക്കൊമ്പ്, ചന്ദനം, ചന്ദനത്തൈലം, സ്വർണ്ണ നാണയങ്ങൾ, വെള്ളി വിഗ്രഹങ്ങൾ, പണം, രത്നങ്ങൾ തുടങ്ങി നിരവധി ശേഖരങ്ങളു ണ്ടെന്ന് പറയപ്പെടുന്നു. ഇതിൽ പലതും സർക്കാർ കണ്ടുകെട്ടിയതാണ്. ചിലത് തൊണ്ടിമുതലാണ്. പലതും കേസ്സുകളിൽ കെട്ടിക്കിടക്കുന്നതാണ്. പലതിനും അവകാശികളില്ലാത്തതാണ്. ഇതിനെ സംബന്ധിച്ച് ഒരു വ്യക്തതയും സർക്കാരിന്റെ കൈവശമില്ല. ഇതിൽ ചിലതെല്ലാം അപഹരിക്ക പ്പെടുന്നുണ്ടെന്നും നാശോന്മുഖമാകുന്നുണ്ടെന്നും പറയപ്പെടുന്നു. അതുകൊണ്ട് അടിയന്തരമായി ഒരു സ്വതന്ത്ര ഏജൻസിയെ ചുമതലപ്പെടുത്തി കണക്കെടുപ്പ് നടത്തണം. പ്രത്യേക കോടതിയെ ചുമതലപ്പെടുത്തി കേസ്സുകൾ വേഗം തീർപ്പു കൽപ്പിക്കണം. ഇവിടെ കെട്ടിക്കിടക്കുന്ന വസ്തുക്കളുടെ വില നിർണ്ണയം നടത്തണം. സാമ്പത്തിക വിഷമം നേരിടുന്ന സർക്കാരിന് ഇത് ഗുണം ചെയ്യും. കൂടാതെ അവകാശികളില്ലാത്ത നിരവധി ഡെപ്പോസിറ്റുകളും ട്രഷറി കളിലുണ്ടത്രേ. ഇതുസംബന്ധിച്ച് അടിയന്തരമായി ഗവൺമെന്റ് നിലപാട് സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, കേരള ട്രഷറി കോഡ് ചട്ടം 158 പ്രകാരമാണ്

LIBRARY ARCHIVES Kerala Legislative Assembly

ട്രഷറികളിൽ സേഫ് കസ്റ്റഡി ആർട്ടിക്കിൾ സൂക്ഷിച്ചുവരുന്നത്. സീൽ ചെയ്ത് പായ്ക്കറ്റുകളിലായിട്ടാണ് സേഫ് കസ്റ്റഡി ആർട്ടിക്കിളുകൾ വയ്ക്കുന്നത്. സീൽ ചെയ്ത് സേഫ് കസ്റ്റഡി ആർട്ടിക്കിളിൽ സൂക്ഷിക്കുന്ന വസ്തുക്കൾ എന്താണെന്ന് അവ നിക്ഷേപിക്കുന്ന ഓഫീസുകൾക്കാണ് അറിവുള്ളത്. നിക്ഷേപ സമയത്ത് ട്രഷറി ഓഫീസർ സൂക്ഷിക്കാൻ ഏൽപ്പിച്ച വസ്തുക്കൾ എന്താണെന്ന് പരിശോധിക്കാറില്ല. നിക്ഷേപിക്കുന്ന ഓഫീസർക്ക് ഫോറം നമ്പർ DT 53 A-യിൽ രസീത് നൽകുകയും ട്രഷറിയുടെ സേഫ് കസ്റ്റഡി രജിസ്റ്ററിൽ ഫോറം നമ്പർ TR 28-ൽ ചേർക്കുകയും ചെയ്യുന്നു. രസീതിൽ sealed packet set to contain ഇന്നത് ഇന്നതെന്ന് രേഖപ്പെടുത്തി നൽകാറാണുള്ളത്. ആറ് മാസത്തിലൊരിക്കൽ ട്രഷറിയിൽ സൂക്ഷിക്കാൻ ഏൽപ്പിച്ച പാക്കറ്റുകളുടെ സീലുകൾ ഭദ്രമാണെന്ന് ട്രഷറി ഓഫീസർ പരിശോധിച്ച് ഉറപ്പുവരുത്താറുണ്ട്. ഇപ്രകാരം ട്രഷറിയിൽ സൂക്ഷിക്കാൻ ഏൽപ്പിക്കുന്ന വസ്തുവകകളുടെ ഉടമസ്ഥാവകാശം അതാത് ഓഫീസർമാർക്കാണ്. ട്രഷറികൾക്ക് ആയതിന്മേൽ ഉടമസ്ഥാവകാശമില്ല. ഒരു സൂക്ഷിപ്പുകാരന്റെ ചുമതലയാണ് ട്രഷറി നിർവ്വഹിക്കുന്നത്. ട്രഷറികളിൽ സൂക്ഷിക്കാനായി ഏൽപ്പിച്ചിരിക്കുന്ന വസ്തുക്കൾ നിധിശേഖരമായി കാണാറില്ല. ഉടമസ്ഥാവകാശമില്ലാത്തതിനാൽ ആയത് ലേലം ചെയ്യുവാനും മറ്റുമുള്ള അവകാശം ട്രഷറികളിൽ നിക്ഷിപ്തമല്ല. സംസ്ഥാനത്തെ ട്രഷറികളിൽ കെട്ടിക്കിടക്കുന്നതായി പറയുന്ന നിധി ശേഖരങ്ങളെ അപ്രകാരം കണക്കാക്കാൻ കഴിയാത്തതിനാലും ഉടമസ്ഥാവകാശം ട്രഷറിക്കില്ലാത്തതിനാലും അതിന്റെ സവിസ്തരമായ കണക്കെടുപ്പ്, ശാസ്ത്രീയ പഠനം എന്നിവ നടത്തേണ്ടതിന്റെയും തർക്കങ്ങൾ പരിഹരിക്കുവാൻ സെമി ജുഡീഷ്യൽ കമ്മീഷനെ നിയമിക്കേണ്ടതിന്റേയും ആവശ്യകത ഇന്നുള്ളതായി തോന്നുന്നില്ല.

8. ഹണി മിഷൻ രൂപീകരിക്കൽ

ശ്രീ. എ. ടി. ജോർജ്: സർ, നമ്മുടെ സംസ്ഥാനത്ത് തേനീച്ച കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ഹണി മിഷൻ രൂപീകരിക്കണമെന്നതാണ് എന്റെ ആവശ്യം. ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിൽ വിവിധ കാർഷിക സർവ്വകലാശാലയിലെ തേനീച്ച പരാഗണ ഗവേഷണ കേന്ദ്രംവഴി നടത്തിയ പഠനങ്ങളിൽ കാർഷിക ഹോർട്ടികൾച്ചർ വിളകൾ 20 മുതൽ 40 ശതമാനം വരെ വിളവർദ്ധനവുണ്ടാകുമെന്ന് കണ്ടെത്തിയിട്ടുണ്ട്. തേനീച്ചകളെ പരാഗണത്തിന് പ്രയോജനപ്പെടുത്തി ഭക്ഷ്യഭദ്രത ഉറപ്പാക്കാനുള്ള കേന്ദ്ര സർക്കാരിന്റെ പദ്ധതിയാണ് കാർഷികോല്പാദന ക്ഷമതയ്ക്ക് തേനീച്ച വളർത്തൽ പദ്ധതി. കേരളത്തിൽ തേനീച്ച വളർത്തലിന് അനന്ത സാദ്ധ്യതകൾ തെളിയിച്ച കേരള കാർഷിക സർവ്വകലാശാലയുടെ പരാഗണ ഗവേഷണ കേന്ദ്രത്തിന്റെ കണ്ടുപിടുത്തങ്ങൾ പ്രയോജനപ്പെടുത്തി രണ്ട് ലക്ഷത്തിലധികം ജനങ്ങൾ തേനീച്ചക്കൃഷി ഒരു തൊഴിലാക്കി ഉപജീവനം നടത്തുന്നു. 1990-കളിൽ Thai San Road Virus മൂലം നശിച്ചുപോയ തേനീച്ച വളർത്തൽ വ്യവസായത്തെ രോഗപ്രതിരോധ ശേഷിയുള്ള ഇന്ത്യൻ തേനീച്ചയുടെ Nucleus colony വികസിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്യുകവഴി

LIBRARY ARCHIVES Kerala Legislative Assembly